# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 16      28.05.2019 - ൽ മറുപടിക്ക്.

## റേഷൻകാർഡ് വിതരണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. രാജൻ**<br>**,, ചിറയം ഗോപകുമാർ**<br>**ശ്രീമതി ഗീതാ ഗോപി**<br>**ശ്രീ. വി.ആർ. സുനിൽ കുമാർ:** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട ജോലികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട് സംസ്ഥാനം മുഴുവൻ തയ്യാറാക്കിയ റേഷൻകാർഡുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഉടമസ്ഥർ കൈപ്പറ്റാതെ അവശേഷിച്ച ഇരുപതിനായിരത്തിലധികം കാർഡുകൾ വേണ്ടത്ര അറിയിപ്പുകൾ നൽകിയ ശേഷം ആർ.സി.എം.എസ്.-ൽ നിന്നും നീക്കം ചെയ്തു വരുന്നു.<br>അതിനെ തുടർന്ന് പുതിയ റേഷൻകാർഡ്, പേര് ചേർക്കൽ, പേരു കുറവ് ചെയ്യൽ, കാർഡ് ഒരു താലൂക്കിൽ നിന്നും മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റൽ, തിരുത്തലുകൾ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള അപേക്ഷകൾ സ്വീകരിക്കുകയും ആയത് തീർപ്പാക്കി വിതരണം നടത്തി വരുകയും ചെയ്യുന്നു. മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി സംസ്ഥാനമൊട്ടാകെ ഇതുവരെ ആകെ ലഭിച്ച 26.68 ലക്ഷം അപേക്ഷകളിൽ 78872 അപേക്ഷകൾ വിവിധ കാരണങ്ങളാൽ നിരസിക്കുകയും 25.19 ലക്ഷം അപേക്ഷകളിൽ (97.29%) തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയതിൽ 23.47 ലക്ഷം റേഷൻകാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ആകെ ലഭിച്ച അപേക്ഷകളിൽ 92% അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. അവശേഷിച്ച അപേക്ഷകളിൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് വിതരണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) റേഷൻകാർഡ് വിതരണവുമായി ബന്ധപ്പെട്ട ജോലികൾ എളുപ്പത്തിൽ നിർവ്വഹിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് വേണ്ടത്ര | (ബി) താലൂക്ക് സപ്ലൈ ഓഫീസ്, സിറ്റി റേഷനിംഗ് ഓഫീസുകളിൽ ലഭിച്ച അപേക്ഷകളുടെ ബാഹുല്യം കാരണം ഇതുമായി ബന്ധപ്പെട്ട ജോലികൾ എളുപ്പത്തിൽ നിർവഹിക്കുന്നതിന് അക്ഷയകേന്ദ്രങ്ങൾ വഴിയും, സിറ്റിസൺ ലോഗിൻ വഴിയും അപേക്ഷകൾ സമർപ്പിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തി. |

| | |
|---|---|
| സൗകര്യങ്ങൾ ഒരുക്കി നൽകിയിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | കൂടാതെ വിദ്യാഭ്യാസപരവും ചികിത്സാപരവുമായി ബന്ധപ്പെട്ട അപേക്ഷകൾ താലൂക്ക് സപ്ലൈ ഓഫീസ്/സിറ്റി റേഷനിംഗ് ഓഫീസുകളിൽ സ്വീകരിക്കുന്നതിനു വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. |
| (സി) സംസ്ഥാനത്തെ റേഷൻ കാർഡ് ഉടമകൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ അറിയിക്കുന്നതിനുള്ള സംവിധാനം പൂർണ്ണതയിൽ എത്തിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (സി) റേഷൻ ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുള്ള പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള SMS സന്ദേശങ്ങൾ റേഷൻ കാർഡുകളുമായി ലിങ്ക് ചെയ്തിട്ടുള്ള മൊബൈൽ നമ്പരുകളിലേക്ക് അയയ്ക്കുന്നതിനായി 2017 ആഗസ്റ്റ് മാസം മുതൽ കേന്ദ്രസർക്കാർ സ്ഥാപനമായ C-DAC ന്റെ Mobile Service Delivery Gateway (https://services.mgov.gov.in) ഉപയോഗിച്ചു വരുന്നു. നാളിതുവരെ 67.83 കോടി യൂണിറ്റ് SMS ഗുണഭോക്താക്കൾക്ക് അയച്ചിട്ടുണ്ട്.<br><br>ഇതിന് പുറമേ, സിവിൽ സപ്ലൈസ് വകുപ്പിന്റെ Official facebook page ആയ "Department of Food & Civil Supplies, Kerala" ൽ പ്രതിമാസ ഭക്ഷ്യധാന്യത്തിന്റെ ലഭ്യത, അളവ്, വില എന്നിവ സംബന്ധിച്ചുള്ള അറിയിപ്പ് നൽകുന്നുമുണ്ട്. |
| (ഡി) റേഷൻകടകൾ നവീകരിക്കുന്നതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (ഡി) റേഷൻ കട നവീകരണത്തിന്റെ ഭാഗമായി റേഷൻകടകൾക്ക് ഒരു ഏകീകൃത മാതൃക തയ്യാറാക്കുകയും ആയത് നടപ്പിൽ വരുത്തുന്നതിന് ഒരു റേഷൻകടയ്ക്ക് 2,500/- രൂപ വീതം സാമ്പത്തിക സഹായം നൽകുന്നതിനായി 3,50,00,000/- (മൂന്ന് കോടി അൻപത് ലക്ഷം രൂപ) അനുവദിച്ചു. റേഷൻകടകൾ നവീകരണം താഴെ പറയുന്ന രീതിയിലാണ് ചെയ്തിട്ടുള്ളത്.<br><br>1) ചുവപ്പും മഞ്ഞയും നിറത്തിൽ നിശ്ചിത മാതൃകയിൽ ബോർഡുകൾ സ്ഥാപിക്കുക.<br>2) നിശ്ചിത മാതൃകയിൽ ഉള്ള സ്റ്റോക്ക്ബോർഡ്/ വിലവിവര പട്ടിക ജനങ്ങൾക്ക് കാണത്തക്ക രീതിയിൽ സ്ഥാപിക്കുക.<br>3) കടയുടെ ഉൾവശം വൈറ്റ് വാഷ് ചെയ്യുക.<br>4) ഷട്ടർ / ഡോർ എന്നിവ അംഗീകരിച്ച മാതൃകയിൽ പെയിന്റ് ചെയ്യുക. |

(ഇ) റേഷൻകാർഡ് ഉടമകളുടെ ആധാർ സീഡിംഗ് പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പുരോഗതി വ്യക്തമാക്കുമോ?

(ഇ) ആധാർ സീഡിംഗ് സംബന്ധിച്ച നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

| ക്രമ നം | ജില്ല | ആകെ ഗുണഭോക്താക്കൾ | ആകെ ആധാർ സീഡിംഗ് നടത്തിയവർ |
|---|---|---|---|
| 1 | തിരുവനന്തപുരം | 3550704 | 2962183 |
| 2 | കൊല്ലം | 2914626 | 2351262 |
| 3 | പത്തനംതിട്ട | 1398735 | 1156834 |
| 4 | ആലപ്പുഴ | 2332422 | 1947752 |
| 5 | കോട്ടയം | 2092077 | 1805497 |
| 6 | ഇടുക്കി | 1174093 | 992750 |
| 7 | എറണാകുളം | 3334909 | 2808612 |
| 8 | തൃശ്ശൂർ | 3440985 | 2901184 |
| 9 | പാലക്കാട് | 3134843 | 2623625 |
| 10 | മലപ്പുറം | 4646221 | 3767882 |
| 11 | കോഴിക്കോട് | 3302021 | 2840534 |
| 12 | വയനാട് | 865256 | 769107 |
| 13 | കണ്ണൂർ | 2838298 | 2387257 |
| 14 | കാസർഗോഡ് | 1455390 | 1220343 |
| | ആകെ | **36480580** | **30534822** |

**സെക്ഷൻ ഓഫീസർ**